"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിലെ അണ്ടർ സെക്രട്ടറിയായിരുന്ന ശ്രീമതി. ഷൈനി വർഗ്ഗീസ് (Late) - ന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2970/2025/GAD തീയതി, തിരുവനന്തപുരം, 08-07-2025

---

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 19.11.2024 — ലെ AC1-1/115/2022-KPSC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിലെ അണ്ടർ സെക്രട്ടറിയായിരുന്ന ശ്രീമതി. ഷൈനി വർഗ്ഗീസ് (Late) - ന്റെ ചികിത്സയ്ക്ക് കോട്ടയം കാരിത്താസ് ആശുപത്രിയിൽ ചെലവായ തുകയായ 1,07,875/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 81,125/- രൂപ മെഡിക്കൽ റീഇംപേഴ്സ്മെൻറായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ മേൽ പരാമർശം പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിലെ അണ്ടർ സെക്രട്ടറിയായിരുന്ന ശ്രീമതി. ഷൈനി വർഗ്ഗീസ് (Late) - ന്റെ ചികിത്സയക്ക് കോട്ടയം കാരിത്താസ് ആശുപത്രിയിൽ 10.12.2020 മുതൽ 30.04.2022 വരെയുള്ള കാലയളവിൽ ചെലവായ തുകയായ 1,07,875/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 81,125/- രൂപയുടെ 80% ആയ 64,900/- രൂപ (അറുപത്തിനാലായിരത്തി തൊള്ളായിരം രൂപ മാത്രം), ഈ ചികിത്സയ്ക്കോ, മറ്റു കാലയളവുകളിലെ ചികിത്സയ്ക്കോ പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലായെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ പ്രതിപൂരണം ചെയ്തു നൽകാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് (G2/1566/2022/H&FW dated 18.11.2022 പ്രകാരം)

ധനകാര്യ വകുപ്പ് (എൽ1/116/2023-ധന dated 03.07.2025 പ്രകാരം)
സബ് ട്രഷറി ഓഫീസർ, ആലപ്പുഴ
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് &ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 10-07-2025 10:30:44
സെക്ഷൻ ഓഫീസർ